നമ്പർ WCD-E1/15059/2021

വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-12
തീയതി : 15/02/2022

## പരിപത്രം

വിഷയം :- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - പൊതുസ്ഥലംമാറ്റം ഓൺലൈൻ സംവിധാനത്തിലൂടെ നടത്തുന്നതിന് ജീവനക്കാരുടെ ഇലക്ട്രോണിക് ഡേറ്റാബേസ് തയ്യാറാക്കുന്നത് - സംബ

സൂചന :- സ.ഉ.(സാധാ) നം. 155/2021/ഉ.ഭ.പ.വ, തീയതി : 21/10/2021

സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ നടപടികൾ തീർത്തും സുതാര്യമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലും പൊതുസ്ഥലംമാറ്റ നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കാൻ സൂചന പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വനിതാ ശിശുവികസന വകുപ്പിലെ ജീവനക്കാരുടെ 2022 മുതലുള്ള പൊതു സ്ഥലംമാറ്റ നടപടികളും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുറ്റമറ്റ രീതിയിൽ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതായിട്ടുണ്ട്. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലെ (Developed by C-dit) e-jeevika software ൽ ഉൾപ്പെട്ട HR Manager മൊഡ്യൂളിൽ ഓരോ കാര്യാലയത്തിലും ജോലി ചെയ്യുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും വിവരങ്ങൾ കൃത്യമായ രീതിയിൽ രേഖപ്പെടുത്തി ലഭ്യമാക്കുന്നതിലൂടെ വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും ഒരു ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാകും.

ആയതിന്റെ പ്രാരംഭ നടപടിയായി വകുപ്പിന് കീഴിലെ എല്ലാ കാര്യാലയ മേധാവികളും e-jeevika software ൽ തങ്ങളുടെ കാര്യാലയത്തിലെ ജീവനക്കാരുടെ വിവരം ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശം പ്രകാരം രേഖപ്പെടുത്തി നൽകേണ്ടതാണ്.

**Step-1.** വകുപ്പിന് കീഴിലെ എല്ലാ കാര്യാലയ മേധാവികളും e-jeevika software ൽ ലോഗിൻ ചെയ്യുക. (കാര്യാലയ മേധാവിയുടെ User Id യും Password ഉം ഉപയോഗിച്ച്)

**Step-2.** Home Page ലുള്ള Correcting staff posting in each office/ institution എന്ന link ലൂടെ അതാത് കാര്യാലയത്തിലെ മുഴുവൻ സ്ഥിരം ജീവനക്കാരുടെയും (Long Leave, Deputation, Deployment ഉൾപ്പടെ) PEN, Name, Designation എന്നിവ രേഖപ്പെടുത്തി Submit ചെയ്യുക. (ആഫീസിലെ മുഴുവൻ ജീവനക്കാരുടെയും വിവരം രേഖപ്പെടുത്തിയതിന് ശേഷം മാത്രമേ Submit ചെയ്യാൻ പാടുള്ളൂ. ഒരിക്കൽ Submit ചെയ്യുന്ന വിവരങ്ങൾ പിന്നീട് Add/ Edit ചെയ്യാൻ കഴിയില്ല).

വകുപ്പിന് കീഴിലെ എല്ലാ കാര്യാലയ മേധാവികളും **19/02/2022, 03.00 pm ന്** മുമ്പായി മേൽ പറയുന്ന നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് കാര്യാലയ മേധാവികൾക്ക് സാങ്കേതികമായ സംശയനിവാരണത്തിനായി **9400740192 (സുനിത), 9895650007 (മിനീഷ്)** എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2022 ലെ പൊതുസ്ഥലംമാറ്റ നടപടികൾ തീർത്തും സുതാര്യമായും കുറ്റമറ്റ രീതിയിലും സമയബന്ധിതമായും പൂർത്തിയാക്കുന്നതിന്റെ പ്രരംഭ നടപടിയായി മേൽ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ കാര്യാലയ മേധാവികളും കൃത്യമായും കർശനമായും പാലിക്കേണ്ടതാണ് എന്ന് അറിയിക്കുന്നു.

**വനിതാ ശിശുവികസന ഡയറക്ടർക്ക് വേണ്ടി**

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

**<u>പകർപ്പ്</u>**

സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ സ്പെയർ